**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3427** **02-03-2023 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിൽ ഫുഡ് പാർക്കും ശീതീകരിച്ച സംഭരണശാലയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്ത് ഫുഡ് പാർക്കും ശീതീകരിച്ച സംഭരണശാലയും സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പാലാ മണ്ഡലത്തിൽ മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2022-23 സാമ്പത്തിക വർഷത്തിലെ കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉത്പാദന പരിപാടി എന്ന പദ്ധതിയിൽ ഉൾപ്പെട്ട പ്രീമിയം ഔട്ട് ലെറ്റ് ഘടകത്തിനായി അഞ്ച് ലക്ഷം രൂപ സബ്സിഡിയിൽ (50% സബ്സിഡി) ശീതീകരിച്ച സംഭരണശാല സ്ഥാപിക്കുന്നതുമായ് ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ കർഷക കൂട്ടായ്മയിലൂടെ സ്ഥലം ഏറ്റെടുക്കുകയും കെട്ടിടങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ചെയ്തുവരികയുമാണ്. 2023 മാർച്ച് മാസത്തിൽ പണി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശീതീകരിച്ച സംഭരണശാല പ്രവർത്തനക്ഷമമാകുന്നതോടെ കർഷകർക്ക് ഉത്പന്നങ്ങൾ സംഭരിച്ച് സൂക്ഷിച്ച് ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ